പൊതുവിഷയം:

## വചനശുശ്രൂഷയും
## ദൈവത്തിന്റെ വ്യവസ്ഥയ്ക്കുള്ള ദൈവത്തിന്റെ പകർച്ചയും

ദൂത് നാല്

## ദൈവത്തിന്റെ അതിരിന്റെ അളവും
## ആത്മിക പോരാട്ടത്തെ ആസ്പദമാക്കിയുള്ള ശുശ്രൂഷയും

RK *Hymns*: ML585

തിരുവെഴുത്ത് വായന: 2 കൊരി. 10:12-15; എഫെ. 2:6; 6:10-12

2 കൊരി. 10:12 തങ്ങളെത്തന്നെ പുകഴ്ത്തുന്നവരുമായി ഞങ്ങളെ തരംതിരിക്കുവാനോ താരതമ്യം ചെയ്യുവാനോ ഞങ്ങൾ തുനിയുന്നില്ല; എന്നാൽ അവർ, തങ്ങളെക്കൊണ്ട് തങ്ങളെ അളന്നും തങ്ങളെക്കൊണ്ട് തങ്ങളെ താരതമ്യം ചെയ്തും, തിരിച്ചറിവില്ലാതിരിക്കുന്നു.

2 കൊരി. 10:13 എന്നാൽ ഞങ്ങൾ ഞങ്ങളുടെ അളവിനപ്പുറമല്ല, അളവിന്റെ ദൈവം നിങ്ങളുടെ അടുക്കലോളം എത്തുവാൻ ഞങ്ങൾക്ക് പകുത്തുനൽകിയിരിക്കുന്ന അതിരിന്റെ അളവിന് ഒത്തവണ്ണമത്രേ പ്രശംസിക്കുകയുള്ളൂ.

2 കൊരി. 10:14 ഞങ്ങൾ നിങ്ങളുടെ അടുക്കൽ എത്താത്തതുപോലെ, ഞങ്ങളുടെ അതിരിനപ്പുറത്തേക്ക് ഞങ്ങളെത്തന്നെ നീട്ടുന്നില്ല, ഞങ്ങളല്ലോ ക്രിസ്തുവിന്റെ സുവിശേഷത്തിൽ നിങ്ങളുടെ അടുക്കലോളം ആദ്യം വന്നത്.

2 കൊരി. 10:15 ഞങ്ങളുടെ അളവിനപ്പുറം, മറ്റുള്ളവരുടെ അധ്വാനങ്ങളിൽ ഞങ്ങൾ പ്രശംസിക്കുന്നില്ല, എന്നാൽ നിങ്ങളുടെ വിശ്വാസം വർധിക്കവേ, ഞങ്ങളുടെ അതിരിനൊത്തവണ്ണം സമൃദ്ധിയിങ്കലേക്ക് നിങ്ങളിൽ മഹിമപ്പെടുവാനുള്ള പ്രത്യാശ ഉള്ളവരാകുന്നു,

എഫെ. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

എഫെ. 6:10 ഒടുവിൽ, കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും, ശക്തിപ്പെടുവിൻ.

എഫെ. 6:11 പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ.

എഫെ. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

**I. "അളവിനപ്പുറമല്ല, അളവിന്റെ ദൈവം ഞങ്ങൾക്ക് പകുത്തുനൽകിയിരിക്കുന്ന അതിരിന്റെ അളവിന് ഒത്തവണ്ണമത്രേ പ്രശംസിക്കുകയുള്ളൂ"—2 കൊരി. 10:13:**

A. അപ്പൊസ്തലനായ പൗലൊസ് ധൈര്യശാലിയായിരുന്നു, എന്നാൽ അവൻ പരിധിയില്ലാതെ ധൈര്യപ്പെട്ടില്ല; അവൻ കർത്താവിന്റെ പരിമിതപ്പെടുത്തലിൻ കീഴിലായിരുന്നുവെന്ന് ഇത് കാണിക്കുന്നു:

1. പൗലൊസിന്റെ പ്രശംസ, അളവിന്റെ ദൈവം, ഭരിക്കുന്നവനായ ദൈവം, അവന് പകുത്തുനൽകിയിരിക്കുന്ന അതിരിന്റെ അളവിന് ഒത്തവണ്ണമുള്ളതായിരുന്നു.
2. കൊരിന്ത് ഉൾപ്പെടെയുള്ള ജാതിയ ലോകത്തോടുള്ള അവന്റെ ശുശ്രൂഷ ദൈവത്തിന്റെ അളവിന് ഒത്തവണ്ണമായിരുന്നു (എഫെ. 3:1-2, 8; ഗലാ. 2:8); അതിനാൽ, അവന്റെ പ്രശംസ ഈ പരിധിക്കുള്ളിലായിരുന്നു.

| | |
|---|---|
| എഫെ. 3:1 | ഇതു നിമിത്തം ജാതികളായ നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിന്റെ തടവുകാരനായ പൗലൊസ് എന്ന ഞാൻ, |
| എഫെ. 3:2 | നിങ്ങൾക്കായി എനിക്കു നൽകപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വത്തെക്കുറിച്ച് നിങ്ങൾ വാസ്തവമായി കേട്ടിട്ടുണ്ടെങ്കിൽ, |
| എഫെ. 3:8 | സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും, |
| ഗലാ. 2:8 | (പരിച്ഛേദനക്കാർക്ക് അപ്പൊസ്തലത്വത്തിനായി പത്രൊസിൽ വ്യാപരിച്ചവൻ ജാതികൾക്കുവേണ്ടി എന്നിലും വ്യാപരിച്ചു), |

B. 2 കൊരിന്ത്യർ 10:13-ലെ *അതിർ* എന്ന വാക്ക് അക്ഷരീയമായി അർഥമാക്കുന്നത് ഒരു മരപ്പണിക്കാരന്റെ അളവുകോൽ പോലെയുള്ള "ഒരു അളവുകോൽ" എന്നാണ്:

| | |
|---|---|
| 2 കൊരി. 10:13 | എന്നാൽ ഞങ്ങൾ ഞങ്ങളുടെ അളവിനപ്പുറമല്ല, അളവിന്റെ ദൈവം നിങ്ങളുടെ അടുക്കലോളം എത്തുവാൻ ഞങ്ങൾക്ക് പകുത്തുനൽകിയിരിക്കുന്ന അതിരിന്റെ അളവിന് ഒത്തവണ്ണമത്രേ പ്രശംസിക്കുകയുള്ളൂ. |

1. വാക്യം 13-ലെ *അളവ്* എന്ന വാക്ക് സൂചിപ്പിക്കുന്നത് ദൈവത്താൽ ഭരിക്കപ്പെടുന്നു എന്നാണ്; നമ്മുടെ വേലയ്ക്കും അനുഭവത്തിനും വേണ്ടി ദൈവം നമുക്ക് വളരെയധികം പകുത്തുനൽകിയിട്ടുണ്ട്.

| | |
|---|---|
| 2 കൊരി. 10:13 | എന്നാൽ ഞങ്ങൾ ഞങ്ങളുടെ അളവിനപ്പുറമല്ല, അളവിന്റെ ദൈവം നിങ്ങളുടെ അടുക്കലോളം എത്തുവാൻ ഞങ്ങൾക്ക് പകുത്തുനൽകിയിരിക്കുന്ന അതിരിന്റെ അളവിന് ഒത്തവണ്ണമത്രേ പ്രശംസിക്കുകയുള്ളൂ. |

2. ഭരിക്കുകയും അളക്കുകയും ചെയ്യുന്ന ഒരുവനുണ്ട്—അളവിന്റെ ദൈവം, ഭരിക്കുന്നവനായ ദൈവം; അതിനാൽ, ദൈവത്തിന്റെ ഭരണത്തിന്റെയും, ദൈവത്തിന്റെ അളവിന്റെയും പരിധികൾക്കുള്ളിൽ നാം തങ്ങണം.

C. കർത്താവിന്റെ വേല വ്യാപിക്കണമെന്ന് നാം പ്രതീക്ഷിക്കുന്നുവെങ്കിലും, ദൈവത്തിന്റെ പരിമിതപ്പെടുത്തലിൻ കീഴിൽ ആയിരിക്കേണ്ടത് എങ്ങനെയാണെന്ന് നാം പഠിക്കണമെന്ന് 2 കൊരിന്ത്യർ 10:13-15-ൽ നിന്നും നമുക്ക് കാണുവാൻ കഴിയും:

| | |
|---|---|
| 2 കൊരി. 10:13 | എന്നാൽ ഞങ്ങൾ ഞങ്ങളുടെ അളവിനപ്പുറമല്ല, |

അളവിന്റെ ദൈവം നിങ്ങളുടെ അടുക്കലോളം എത്തുവാൻ ഞങ്ങൾക്ക് പകുത്തുനൽകിയിരിക്കുന്ന അതിരിന്റെ അളവിന് ഒത്തവണ്ണമത്രേ പ്രശംസിക്കുകയുള്ളൂ.

2 കൊരി. 10:14 ഞങ്ങൾ നിങ്ങളുടെ അടുക്കൽ എത്താത്തതുപോലെ, ഞങ്ങളുടെ അതിരിനപ്പുറത്തേക്ക് ഞങ്ങളെത്തന്നെ നീട്ടുന്നില്ല, ഞങ്ങളല്ലോ ക്രിസ്തുവിന്റെ സുവിശേഷത്തിൽ നിങ്ങളുടെ അടുക്കലോളം ആദ്യം വന്നത്.

2 കൊരി. 10:15 ഞങ്ങളുടെ അളവിനപ്പുറം, മറ്റുള്ളവരുടെ അധ്വാനങ്ങളിൽ ഞങ്ങൾ പ്രശംസിക്കുന്നില്ല, എന്നാൽ നിങ്ങളുടെ വിശ്വാസം വർധിക്കവേ, ഞങ്ങളുടെ അതിരിനൊത്തവണ്ണം സമൃദ്ധിയിങ്കലേക്ക് നിങ്ങളിൽ മഹിമപ്പെടുവാനുള്ള പ്രത്യാശ ഉള്ളവരാകുന്നു,

1. അളവില്ലാത്ത ഒരു വ്യാപനം നാം പ്രതീക്ഷിക്കരുത്; അത്തരം വ്യാപനം തീർച്ചയായും ആത്മാവിനൊത്തവണ്ണമുള്ള ഒരു നടപ്പിന്റെ പരിധിക്കുള്ളിൽ ആയിരിക്കുകയില്ല—റോമ. 8:4-5, 14.

   റോമ. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

   റോമ. 8:5 ജഡപ്രകാരമുള്ളവർ ജഡത്തിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു, എന്നാൽ ആത്മാവിൻപ്രകാരമുള്ളവർ ആത്മാവിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു.

   റോമ. 8:14 എന്തെന്നാൽ ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവരൊക്കെയും, ദൈവത്തിന്റെ പുത്രന്മാർ ആകുന്നു.

2. ആത്മാവിനൊത്തവണ്ണം നാം വേല വ്യാപിപ്പിക്കുന്നുവെങ്കിൽ, എല്ലായ്പോഴും ഒരു പരിധി ഉണ്ടായിരിക്കുമെന്ന് അനുഭവത്തിൽനിന്നും നമുക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും:
   a. ആന്തരികമായി, ഒരു പ്രത്യേക പരിധിക്കപ്പുറം വേല വ്യാപിപ്പിക്കുവാൻ നമുക്ക് സമാധാനമുണ്ടായിരിക്കുകയില്ല.
   b. ബാഹ്യമായി, ഒരു പ്രത്യേക അതിർരേഖയ്ക്കപ്പുറം പോകുവാൻ പരിതസ്ഥിതി നമ്മെ അനുവദിക്കുന്നില്ല.

D. പൗലൊസ് കർത്താവിന്റെ നിയന്ത്രണം സ്വീകരിക്കുവാൻ പഠിക്കണമായിരുന്നു:

1. പൗലൊസ് റോമിലേക്ക് പോകുവാൻ ആഗ്രഹിച്ചു, എന്നാൽ ബന്ധനസ്ഥനായി അവിടെ പോകുവാൻ അവൻ പ്രതീക്ഷിച്ചില്ല—പ്രവൃ. 26:29.

   പ്രവൃ. 26:29 അതിന് പൗലൊസ്, നീ മാത്രമല്ല, ഇന്ന് എന്നെ കേൾക്കുന്ന എല്ലാവരും, അൽപംകൊണ്ടും അധികം കൊണ്ടും, ഈ ചങ്ങലകൾ ഒഴികെ, എന്നെപ്പോലെ ആകണമെന്ന് ഞാൻ ദൈവത്തോടു പ്രാർഥിക്കുന്നു.

2. തങ്ങളുടെ വഴിയായി സ്പാന്യയിലേക്ക് പോകുവാൻ താൻ പ്രതീക്ഷിച്ചുവെന്ന് റോമയിലെ വിശ്വാസികളോട് പൗലൊസ് പറഞ്ഞു (റോമ. 15:24), എന്നാൽ അവൻ ഒരിക്കലും സ്പാനിയയിലേക്ക് പോയില്ല.

| | |
|---|---|
| റോമ. 15:24 | എപ്പോഴെങ്കിലും ഞാൻ സ്പാന്യയിലേക്ക് പോകുമ്പോൾ, യാത്രാമധ്യേ നിങ്ങളെ കാണുവാനും, നിങ്ങളുടെ സംസർഗത്താൽ, ഭാഗികമായെങ്കിലും ഞാൻ ആദ്യം നിറയപ്പെട്ടിട്ട്, നിങ്ങളാൽ അവിടേക്ക് അയയ്ക്കപ്പെടുവാനും പ്രത്യാശിക്കുന്നു. |

3. ദൈവത്തിന്റെ അളക്കലിന് വിധേയനായിരിക്കുവാൻ പൗലൊസ് മനസ്സുള്ളവനായിരുന്നു; അവന്റെ ബന്ധനങ്ങളും തടവും ദൈവത്തിന്റെ സർവാധികാരപരമായ നിയന്ത്രണമായിരുന്നു.

E. താൻ ചെയ്തതും സംസാരിച്ചതും തന്റെ അളവിനപ്പുറമായിരുന്നില്ല എന്ന് ദൈവത്തിന്റെ അളവിന്റെ തത്ത്വത്തെ അടിസ്ഥാനമാക്കി പൗലൊസ് കൊരിന്ത്യരോട് പറഞ്ഞു; പൗലൊസ് എപ്പോഴും അവന്റെ അളവിനുള്ളിൽ പ്രവർത്തിക്കുകയും പെരുമാറുകയും ചെയ്തു—1 കൊരി. 2:1-5, 12-13.

| | |
|---|---|
| 1 കൊരി. 2:1 | സഹോദരന്മാരേ, ദൈവത്തിന്റെ മർമം അറിയിച്ചുകൊണ്ട് നിങ്ങളുടെ അടുക്കൽ ഞാൻ വന്നപ്പോൾ, ഭാഷണത്തിന്റെയോ ജ്ഞാനത്തിന്റെയോ വൈഭവത്തോടെയല്ല വന്നത്. |
| 1 കൊരി. 2:2 | യേശു ക്രിസ്തുവിനെയും, ക്രൂശിക്കപ്പെട്ട ഇവനെയും അല്ലാതെ നിങ്ങളുടെ ഇടയിൽ യാതൊന്നും അറിയുവാൻ ഞാൻ നിർണയിച്ചില്ല. |
| 1 കൊരി. 2:3 | ഞാൻ നിങ്ങളോടുകൂടെ ബലഹീനതയിലും ഭയത്തിലും വളരെ വിറയലിലും ആയിരുന്നു; |
| 1 കൊരി. 2:4 | എന്റെ സംസാരവും എന്റെ പ്രഖ്യാപനവും ജ്ഞാനത്തിന്റെ വശീകരണ വാക്കുകളിൽ അല്ല ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്തിലത്രേ ആയിരുന്നത്. |
| 1 കൊരി. 2:5 | അത് നിങ്ങളുടെ വിശ്വാസം മനുഷ്യരുടെ ജ്ഞാനത്തിൽ അല്ല, മറിച്ച് ദൈവത്തിന്റെ ശക്തിയിൽ നിൽക്കേണ്ടതിനായിരുന്നു. |
| 1 കൊരി. 2:12 | എന്നാൽ ദൈവം നമുക്ക് കൃപാപൂർവം നൽകിയിരിക്കുന്ന കാര്യങ്ങൾ അറിയേണ്ടതിന്, ലോകത്തിന്റെ ആത്മാവിനെയല്ല ദൈവത്തിൽനിന്നുള്ള ആത്മാവിനെയത്രേ നാം സ്വീകരിച്ചത്; |
| 1 കൊരി. 2:13 | ആത്മിക കാര്യങ്ങളെ ആത്മിക വചനങ്ങളാൽ വ്യാഖ്യാനിച്ചു കൊണ്ട്, മാനുഷിക ജ്ഞാനം പഠിപ്പിച്ച വചനങ്ങളിൽ അല്ല ആത്മാവ് പഠിപ്പിച്ച വചനങ്ങളിലത്രേ ഇവയെ ഞങ്ങൾ സംസാരിക്കുന്നത്. |

F. അപ്പൊസ്തലന്മാർ എപ്പോഴും ദൈവത്തിന്റെ അതിരിനൊത്തവണ്ണം നീങ്ങി; ദൈവം അവർക്ക് അളന്നുനൽകിയതൊക്കെയും അവരുടെ അധികാരപരിധിയായിത്തീർന്നു.

G. സഭാസേവനത്തിൽ, ദൈവം നമുക്ക് ഒരു നിശ്ചിത അളവ് മാത്രമേ അളന്നുതന്നിട്ടുള്ളൂ എന്നും നമ്മുടെ അളവിനപ്പുറം നാം നമ്മെത്തന്നെ

വ്യാപിപ്പിക്കരുതെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്; നമ്മുടെ പരിമിതികൾ നാം അറിയേണ്ടതാവശ്യമാണ്—2 കൊരി. 10:12, 14.

2 കൊരി. 10:12 തങ്ങളെത്തന്നെ പുകഴ്ത്തുന്നവരുമായി ഞങ്ങളെ തരംതിരിക്കുവാനോ താരതമ്യം ചെയ്യുവാനോ ഞങ്ങൾ തുനിയുന്നില്ല; എന്നാൽ അവർ, തങ്ങളെക്കൊണ്ട് തങ്ങളെ അളന്നും തങ്ങളെക്കൊണ്ട് തങ്ങളെ താരതമ്യം ചെയ്തും, തിരിച്ചറിവില്ലാതിരിക്കുന്നു.

2 കൊരി. 10:14 ഞങ്ങൾ നിങ്ങളുടെ അടുക്കൽ എത്താത്തതുപോലെ, ഞങ്ങളുടെ അതിരിനപ്പുറത്തേക്ക് ഞങ്ങളെത്തന്നെ നീട്ടുന്നില്ല, ഞങ്ങളല്ലോ ക്രിസ്തുവിന്റെ സുവിശേഷത്തിൽ നിങ്ങളുടെ അടുക്കലോളം ആദ്യം വന്നത്.

H. പൗലൊസിനെപ്പോലെ, ദൈവം നമുക്ക് എത്രമാത്രം അളന്നുതന്നിരിക്കുന്നുവോ അതിനൊത്തവണ്ണം നാം നീങ്ങുകയും പ്രവർത്തിക്കുകയും വേണം—വാ. 13.

2 കൊരി. 10:13 എന്നാൽ ഞങ്ങൾ ഞങ്ങളുടെ അളവിനപ്പുറമല്ല, അളവിന്റെ ദൈവം നിങ്ങളുടെ അടുക്കലോളം എത്തുവാൻ ഞങ്ങൾക്ക് പകുത്തുനൽകിയിരിക്കുന്ന അതിരിന്റെ അളവിന് ഒത്തവണ്ണമത്രേ പ്രശംസിക്കുകയുള്ളൂ.

**II. പുനരുത്ഥാനത്തിലുള്ള ഒരു പുതിയ സൃഷ്ടിയെന്ന നിലയിൽ ക്രിസ്തുവിന്റെ ആരോഹണത്തിൽ നാം അവനോടുകൂടെ ജീവിക്കുമ്പോൾ, ദൈവരാജ്യത്തിനായുള്ള ആത്മിക യുദ്ധത്തിൽ നാം ഏർപ്പെടുന്നു—ഉത്ത. 4:8; 6:4, 10; എഫെ. 2:6; 6:10-12:**

ഉത്ത. 4:8 കാന്തേ ലെബാനോനെ വിട്ടു എന്നോടുകൂടെ, ലെബാനോനെ വിട്ടു എന്നോടുകൂടെ വരിക; അമാനാമുകളും ശെനീർ ഹെർമ്മോൻ കൊടുമുടികളും സിംഹങ്ങളുടെ ഗുഹകളും പുള്ളിപ്പുലികളുടെ പർവ്വതങ്ങളും വിട്ടുപോരിക.

ഉത്ത. 6:4 എന്റെ പ്രിയേ, നീ തിർസ്സാപോലെ സൗന്ദര്യമുള്ളവൾ; യെരൂശലേംപോലെ മനോഹര, കൊടികളോടുകൂടിയ സൈന്യംപോലെ ഭയങ്കര.

ഉത്ത. 6:10 അരുണോദയംപോലെ ശോഭയും ചന്ദ്രനെപ്പോലെ സൗന്ദര്യവും സൂര്യനെപ്പോലെ നിർമ്മലതയും കൊടികളോടുകൂടിയ സൈന്യംപോലെ ഭയങ്കരത്വവും ഉള്ളോരിവൾ ആർ?

എഫെ. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തുയേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

എഫെ. 6:10 ഒടുവിൽ, കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും, ശക്തിപ്പെടുവിൻ.

എഫെ. 6:11 പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ.

എഫെ. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

A. ആരോഹണത്തിൽ നാം ക്രിസ്തുവിനോടുകൂടെ "സിംഹങ്ങളുടെ ഗുഹകളിൽനിന്നും / പുള്ളിപ്പുലികളുടെ പർവതങ്ങളിൽനിന്നും" നോക്കുന്നു—ഉത്ത. 4:8:

1. സിംഹങ്ങളുടെ ഗുഹകളും പുള്ളിപ്പുലികളുടെ പർവതങ്ങളും സാത്താനും അവന്റെ കീഴിലുള്ളവരുമുള്ള സ്വർഗീയങ്ങളെ സൂചിപ്പിക്കുന്നു.
2. വിജയം നേടികഴിഞ്ഞു, എന്നാൽ സാത്താനും അവന്റെ ദുഷ്ടശക്തികളും ഇപ്പോഴും സ്വർഗീയങ്ങളിലാണ്; നമ്മുടെ ജീവിതം ദുഷ്ടശക്തികൾക്കും വളരെ മുകളിൽ ആരോഹണത്തിൽ ആയിരിക്കണം—എഫെ. 3:10; 6:12.

| | |
|---|---|
| എഫെ. 3:10 | അത് ഇപ്പോൾ സ്വർഗീയങ്ങളിലെ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും, |
| എഫെ. 6:12 | എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു. |

3. ഇവിടെ നാം കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും ശക്തിപ്പെടുന്നതിനാലും, ദൈവത്തിന്റെ സർവായുധവർഗം ധരിക്കുന്നതിനാലും (വാ. 12-20) സാത്താനോടും അവന്റെ അന്ധകാരശക്തിയോടും പോരാടുന്നു; ക്രിസ്തുവിന്റെ ആരോഹണത്തിൽ ജീവിക്കുന്നതിന്റെ യാഥാർഥ്യം ഇതാണ്.

| | |
|---|---|
| എഫെ. 6:12 | എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു. |
| എഫെ. 6:13 | അതുകൊണ്ട് ദുഷ്ട നാളിൽ ചെറുത്തുനിൽക്കുവാനും, സകലതും ചെയ്തശേഷം നിങ്ങൾക്കു നിൽക്കുവാനും കഴിയേണ്ടതിന്, ദൈവത്തിന്റെ സർവായുധവർഗം എടുക്കുവിൻ. |
| എഫെ. 6:14 | അതുകൊണ്ട്, സത്യത്താൽ നിങ്ങളുടെ അരകെട്ടിയും നീതിയുടെ മാർകവചം ധരിച്ചും, |
| എഫെ. 6:15 | സമാധാന സുവിശേഷത്തിന്റെ ഉറച്ച അടിസ്ഥാനം കൊണ്ട് നിങ്ങളുടെ പാദങ്ങൾക്ക് ചെരിപ്പിട്ടും, |
| എഫെ. 6:16 | ഇവയ്ക്കു പുറമേ, ദുഷ്ടന്റെ സകല തീയമ്പുകളെയും കെടുത്തുവാൻ കഴിയുന്ന, വിശ്വാസത്തിന്റെ പരിച എടുത്തും നിൽക്കുവിൻ, |
| എഫെ. 6:17 | രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു, |
| എഫെ. 6:18 | സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും, |

എഫെ. 6:19 എനിക്കും വേണ്ടി, സുവിശേഷത്തിന്റെ മർമം ധൈര്യത്തോടെ അറിയിക്കുവാൻ എന്റെ വായ് തുറക്കുമ്പോൾ, എനിക്ക് ഉച്ചാരണം ലഭിക്കേണ്ടതിന് അപേക്ഷിക്കുവിൻ,

എഫെ. 6:20 അതിനായി ഞാൻ ചങ്ങലയിൽ ഒരു സ്ഥാനപതി ആകുന്നു, അതിൽ ഞാൻ സംസാരിക്കേണ്ടതുപോലെ ധൈര്യമായി സംസാരിക്കുവാൻ തന്നെ.

B. സാത്താന്റെ ഹിതം ദൈവത്തിന്റെ ഹിതത്തിന് എതിരായി ഉറപ്പിച്ചിരിക്കുന്നതുകൊണ്ട് ആത്മിക യുദ്ധം അനിവാര്യമാണ്; നമ്മുടെ പോരാട്ടം സാത്താന്യ ഹിതത്തെ കീഴ്പെടുത്തുകയും ദൈവത്തിന്റെ ശത്രുവിനെ പരാജയപ്പെടുത്തുകയും ചെയ്യുന്നതിനാണ്—മത്താ. 6:10:

മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

1. കർത്താവിന്റെ ഹിതം എന്താണെന്ന് നാം മനസ്സിലാക്കേണ്ടതാവശ്യമാണ്—എഫെ. 5:17; കൊലൊ. 1:9.

എഫെ. 5:17 അതുകൊണ്ട് മൂഢരാകാതെ, കർത്താവിന്റെ ഹിതം എന്തെന്ന് മനസ്സിലാക്കുവിൻ.

കൊലൊ. 1:9 അതുകൊണ്ട് ഞങ്ങളും ഇത് കേട്ട നാൾ മുതൽ നിങ്ങൾക്കുവേണ്ടി നിർത്താതെ പ്രാർഥിക്കുകയും അപേക്ഷിക്കുകയും ചെയ്തുകൊണ്ട്, നിങ്ങൾ ആത്മികമായ സകല ജ്ഞാനത്തിലും ഗ്രാഹ്യത്തിലും അവന്റെ ഹിതത്തിന്റെ പൂർണ പരിജ്ഞാനത്താൽ നിറയേണ്ടതിനും,

2. ദൈവം ആഗ്രഹിക്കുന്നതും, അവൻ നിവർത്തിക്കുവാൻ ഉദ്ദേശിക്കുന്നതുമാണ് ദൈവത്തിന്റെ ഹിതം—എഫെ. 1:5, 9, 11:

എഫെ. 1:5 യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു,

എഫെ. 1:9 അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു,

എഫെ. 1:11 തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു,

a. ദൈവത്തിന് ഒരു നിത്യ ഹിതമുണ്ട്, അത് അവന്റെ നിത്യോദ്ദേശ്യത്തിന്റെ ഉറവിടമാണ്—വാ. 11; 3:11.

എഫെ. 1:11 തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു,

എഫെ. 3:11 നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ അവൻ ഉണ്ടാക്കിയ നിത്യോദ്ദേശ്യപ്രകാരം, സഭയിലൂടെ ദൈവത്തിന്റെ ബഹുവിധ ജ്ഞാനം

അറിവാക്കേണ്ടതിനാകുന്നു,

b. ആരംഭമോ അവസാനമോ ഇല്ലാതെ ദൈവം നിത്യനായതിനാൽ അവന്റെ ഹിതവും നിത്യമാണ്; അത് പ്രപഞ്ചത്തിന്റെ ഉത്ഭവത്തിന്റെ കാതലാകുന്നു—വെളി. 4:11.

| | |
|---|---|
| വെളി. 4:11 | ഞങ്ങളുടെ കർത്താവും ദൈവവുമായ നീ മഹത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കുവാൻ യോഗ്യനാകുന്നു, എന്തെന്നാൽ നീ സകലവും സൃഷ്ടിച്ചു, നിന്റെ ഹിതം നിമിത്തം അവ ആയിരിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു. |

c. തന്റെ ഉദ്ദേശ്യം നിവർത്തിക്കുകയും നിറവേറ്റുകയും ചെയ്യത്തക്കവണ്ണം തന്റെ ഹിതത്തിനായി ദൈവം സകലതും സൃഷ്ടിച്ചു—എഫെ 3:11.

| | |
|---|---|
| എഫെ. 3:11 | നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ അവൻ ഉണ്ടാക്കിയ നിത്യോദ്ദേശ്യപ്രകാരം, സഭയിലൂടെ ദൈവത്തിന്റെ ബഹുവിധ ജ്ഞാനം അറിവാക്കേണ്ടതിനാകുന്നു, |

d. ദൈവഹിതം ക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്നു, അത് എല്ലാ കാര്യങ്ങളിലും ക്രിസ്തുവിന് ഒന്നാം സ്ഥാനം ഉണ്ടായിരിക്കുന്നതിനു വേണ്ടിയാണ്; ദൈവത്തിന്റെ നിത്യ ഹിതത്തിൽ ക്രിസ്തു സകലവുമാണ്—കൊലൊ. 1:15-18; 3:4, 10-11.

| | |
|---|---|
| കൊലൊ. 1:15 | അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു, |
| കൊലൊ. 1:16 | സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും, ദൃശ്യമായതും അദൃശ്യമായതും, സിംഹാസനങ്ങളാകട്ടെ കർത്തൃത്വങ്ങളാകട്ടെ വാഴ്ച്ചകളാകട്ടെ അധികാരങ്ങളാകട്ടെ, സകലവും അവനിലല്ലോ സൃഷ്ടിക്കപ്പെട്ടത്; സകലവും അവൻ മുഖാന്തരവും അവങ്കലേക്കും സൃഷ്ടിക്കപ്പെട്ടു. |
| കൊലൊ. 1:17 | അവൻ സകലത്തിനും മുമ്പേയുള്ളവൻ, സകലവും അവനിൽ സംസക്തമായിരിക്കുന്നു; |
| കൊലൊ. 1:18 | അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; |
| കൊലൊ. 3:4 | നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും. |
| കൊലൊ. 3:10 | തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ, |
| കൊലൊ. 3:11 | അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ |

കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

e. സഭയോടുകൂടെ ക്രിസ്തു ഉണ്ടായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു; ക്രിസ്തുവിന്റെ ശരീരമായി സഭയെ നേടുക എന്നതാണ് ദൈവഹിതം—എഫെ. 5:32; 1:9, 22-23; 2:21-22; 4:16.

| | |
|---|---|
| എഫെ. 5:32 | ഈ മർമം വലിയത്, എന്നാൽ ഞാൻ പറയുന്നത് ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ചാകുന്നു. |
| എഫെ. 1:9 | അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു, |
| എഫെ. 1:22 | സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി, |
| എഫെ. 1:23 | എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു. |
| എഫെ. 2:21 | അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു; |
| എഫെ. 2:22 | അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു. |
| എഫെ. 4:16 | അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു. |

C. ആത്മിക യുദ്ധത്തിൽ ഏർപ്പെടുന്നതിന്, നാം ആരോഹണത്തിന്റെ സ്ഥാനം നിലനിർത്തണം—ഉത്ത. 4:8; എഫെ. 2:6:

| | |
|---|---|
| ഉത്ത. 4:8 | കാന്തേ ലെബാനോനെ വിട്ടു എന്നോടുകൂടെ, ലെബാനോനെ വിട്ടു എന്നോടുകൂടെ വരിക; അമാനാമുകളും ശെനീർ ഹെർമ്മോൻ കൊടുമുടികളും സിംഹങ്ങളുടെ ഗുഹകളും പുള്ളിപ്പുലികളുടെ പർവ്വതങ്ങളും വിട്ടുപോരിക. |
| എഫെ. 2:6 | അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു, |

1. എഫെസ്യർ 6:10-12-ൽ പ്രതിപാദിച്ചിരിക്കുന്ന ആത്മിക യുദ്ധം 2:6-ലെ ആരോഹണത്തിന്റെ സ്ഥാനത്തെ അടിസ്ഥാനമാക്കിയാണ്.

| | |
|---|---|
| എഫെ. 6:10 | ഒടുവിൽ, കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും, ശക്തിപ്പെടുവിൻ. |
| എഫെ. 6:11 | പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം |

ധരിക്കുവിൻ.

എഫെ. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

എഫെ. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

2. ആരോഹണത്തിന്റെ സ്ഥാനം യുദ്ധത്തിൽ നമ്മെ വിജയികളായിരിക്കുവാൻ ഇടയാക്കുന്നു, കാരണം ആരോഹണത്തിന്റെ സ്ഥാനത്തിൽ മാത്രമേ നമുക്ക് സ്വർഗീയ അധികാരം ഉണ്ടായിരിക്കുവാനും ദൈവത്തിന്റെ ശത്രുവിനോട് ഇടപെടുന്നതിന് അധികാരത്തോടെ പ്രാർഥിക്കുവാനും കഴിയുകയുള്ളൂ.

D. ആത്മിക പോരാട്ടം ക്രിസ്തുവിന്റെ വിജയത്തെ അടിസ്ഥാനമാക്കിയാണ്; മരണത്തിലൂടെ കർത്താവായ യേശു പിശാചിനെ ഒന്നുമല്ലാതാക്കിക്കൊണ്ട് അവനെ നശിപ്പിച്ചു—മത്താ. 27:51-54; എബ്രാ. 2:14.

മത്താ. 27:51 ഇതാ, ആലയത്തിന്റെ തിരശ്ശീല മേൽതൊട്ട് താഴെവരെ രണ്ടായി പിളർക്കപ്പെടുകയും, ഭൂമി കുലുങ്ങുകയും പാറകൾ പിളർക്കപ്പെടുകയും ചെയ്തു.

മത്താ. 27:52 ശവക്കല്ലറകൾ തുറക്കപ്പെടുകയും, നിദ്രപ്രാപിച്ചിരുന്ന അനേകം വിശുദ്ധന്മാരുടെ ശരീരങ്ങൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു.

മത്താ. 27:53 അവർ അവന്റെ പുനരുത്ഥാനത്തിനുശേഷം, കല്ലറകളിൽനിന്ന് പുറത്തേക്കു വന്ന്, വിശുദ്ധനഗരത്തിലേക്കു പ്രവേശിക്കുകയും, അനേകർക്കു പ്രത്യക്ഷമാകുകയും ചെയ്തു.

മത്താ. 27:54 ശതാധിപനും അവന്റെകൂടെ യേശുവിനെ കാവൽ ചെയ്യുന്നവരും, ഭൂകമ്പവും സംഭവിച്ച കാര്യങ്ങളും കണ്ടപ്പോൾ, ഇതു സത്യമായും ദൈവപുത്രനായിരുന്നു എന്നു പറഞ്ഞുകൊണ്ട് അത്യന്തം ഭയപ്പെട്ടു.

എബ്രാ. 2:14 ആകയാൽ മക്കൾ ജഡരക്തത്തിൽ പങ്കെടുത്തിരിക്കുന്നതുകൊണ്ട്, താനും അപ്രകാരം അവയിൽ പങ്കുകൊണ്ട്, മരണത്തിന്റെ പ്രഭാവമുള്ളവനെ, അതായത്, പിശാചിനെ മരണത്തിലൂടെ നശിപ്പിച്ച്,

E. സാത്താന്യ അവ്യവസ്ഥ പിടിച്ചടക്കുവാനും ദിവ്യ വ്യവസ്ഥയിൽ ജയോത്സവം കൊണ്ടാടാനും നാം ആത്മിക യുദ്ധത്തിൽ ഏർപ്പെടുന്നു—എഫെ. 1:10:

എഫെ. 1:10 അത് അവനിൽ സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകലതും, ക്രിസ്തുവിൽ തലമപ്പെടുക എന്ന കാല സമ്പൂർണതയുടെ വ്യവസ്ഥയിങ്കലേക്ക് ആകുന്നു,

1. പ്രപഞ്ചത്തിന്റെ ചരിത്രം ദൈവത്തിന്റെ വ്യവസ്ഥയുടെയും സാത്താന്റെ അവ്യവസ്ഥയുടെയും ചരിത്രമാണ്—ഉല്പ. 1:1-2, 26; വെളി. 20:10—21:4:

ഉല്പ. 1:1 ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.

| | |
|---|---|
| ഉല്പ. 1:2 | എന്നാൽ ഭൂമി പാഴും ശൂന്യവും ആയിത്തീർന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവു വെള്ളത്തിൻ മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു. |
| ഉല്പ. 1:26 | അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു. |
| വെളി. 20:10 | അവരെ വഞ്ചിച്ച പിശാചിനെ, മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളഞ്ഞു; അവർ എന്നെന്നേക്കും പകലും രാത്രിയും ദണ്ഡനം സഹിക്കും. |
| വെളി. 20:11 | പിന്നെ ഞാൻ വലിയോരു വെള്ളസിംഹാസനവും അതിന്മേൽ ഇരിക്കുന്നവനെയും കണ്ടു, ഭൂമിയും ആകാശവും അവന്റെ സന്നിധിയിൽനിന്ന് ഓടിപ്പോയി, അവയ്ക്കൊരു ഇടവും കണ്ടില്ല. |
| വെളി. 20:12 | വലിയവരും ചെറിയവരുമായ, മരിച്ചവർ സിംഹാസനത്തിനു മുമ്പാകെ നിൽക്കുന്നത് ഞാൻ കണ്ടു; ചുരുളുകൾ തുറന്നു, ജീവന്റെ പുസ്തകം എന്ന മറ്റൊരു ചുരുളും തുറന്നു. ചുരുളുകളിൽ എഴുതിയിരുന്ന അവരുടെ പ്രവൃത്തികൾക്കൊത്തവണ്ണം മരിച്ചവരെ ന്യായംവിധിച്ചു. |
| വെളി. 20:13 | സമുദ്രം അതിലുണ്ടായിരുന്ന മരിച്ചവരെ വിട്ടുകൊടുത്തു, മരണവും പാതാളവും അവയിലുണ്ടായിരുന്ന മരിച്ചവരെയും വിട്ടുകൊടുത്തു; ഓരോരുത്തരെയും അവരുടെ പ്രവൃത്തികൾക്കൊത്തവണ്ണം ന്യായംവിധിച്ചു. |
| വെളി. 20:14 | മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിലേക്ക് എറിഞ്ഞു കളഞ്ഞു. ഇതാകുന്നു തീപ്പൊയ്ക എന്ന രണ്ടാമത്തെ മരണം. |
| വെളി. 20:15 | ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളഞ്ഞു. |
| വെളി. 21:1 | പിന്നെ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും നീങ്ങിപ്പോയി, സമുദ്രവും ഇനി ഇല്ല. |
| വെളി. 21:2 | പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു. |
| വെളി. 21:3 | സിംഹാസനത്തിൽനിന്ന് ഞാൻ ഉച്ചത്തിൽ പറഞ്ഞുകേട്ടത്, ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടുകൂടെ കൂടാരമടിക്കും, അവർ അവന്റെ ജനങ്ങളായിരിക്കും, ദൈവം താൻ അവരോടുകൂടെ ആയിരുന്ന് അവരുടെ |

ദൈവമായിരിക്കും.

വെളി. 21:4 — അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീരെല്ലാം തുടച്ചുകളയും; ഇനി മരണം ഉണ്ടാകയില്ല, ദുഃഖവും കരച്ചിലും വേദനയും ഇനി ഉണ്ടാകയില്ല; മുമ്പത്തെ കാര്യങ്ങൾ നീങ്ങിപ്പോയി.

a. സാത്താനാണ് അവ്യവസ്ഥയുടെ സ്തോതസ്സ്, ദൈവം തന്നെയാണ് ദിവ്യ വ്യവസ്ഥ.

b. ബൈബിളിലും നമ്മുടെ അനുഭവത്തിലും, സാത്താന്യ അവ്യവസ്ഥ എല്ലായ്പോഴും ദിവ്യ വ്യവസ്ഥയോടൊപ്പം പോകുന്നു—2 കൊരി. 4:6; 1 തിമൊ. 1:4.

2 കൊരി. 4:6 — എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന് പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ.

1 തിമൊ. 1:4 — വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

2. അവ്യവസ്ഥയിൽനിന്നും നമ്മെ വിടുവിക്കുന്നതിനുപകരം, പഴയ സൃഷ്ടിയിലെ വിനാശകരമായ സാത്താന്യ അവ്യവസ്ഥ കീഴടക്കുന്നതിനും പുതിയ സൃഷ്ടിക്കുവേണ്ടി നിർമ്മാണാത്മകമായ ദിവ്യ വ്യവസ്ഥ നടപ്പിലാക്കുന്നതിനും നാം അവനുമായി ഒന്നായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു—എഫെ. 3:8-10; 2 കൊരി. 5:17.

എഫെ. 3:8 — സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

എഫെ. 3:9 — സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു,

എഫെ. 3:10 — അത് ഇപ്പോൾ സ്വർഗീയങ്ങളിലെ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും,

2 കൊരി. 5:17 — അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു.

3. നാം അവ്യവസ്ഥ സഹിക്കുമ്പോൾ, നാം ദിവ്യ വ്യവസ്ഥയ്ക്കുവേണ്ടി നിലകൊള്ളുകയും അതിനെ ജീവിച്ചു വെളിപ്പെടുത്തുകയും വേണം—1 തിമൊ. 1:4, 18; 2 തിമൊ. 4:7.

| | |
|---|---|
| 1 തിമൊ. 1:4 | വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ. |
| 1 തിമൊ. 1:18 | എന്റെ മകനായ തിമൊഥെയൊസേ, നിന്നെക്കുറിച്ച് മുമ്പ് നടത്തിയ പ്രവചനങ്ങൾക്കൊത്തവണ്ണം, ഞാൻ ഈ ആജ്ഞ നിന്നെ ഭരമേൽപ്പിക്കുന്നു, അവയാൽ നീ നല്ല യുദ്ധം പോരാടേണ്ടതിന്, |
| 2 തിമൊ. 4:7 | ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു. |

F. ക്രിസ്തുവിന്റെ ശരീരമായ സഭ എന്ന ദിവ്യ കെട്ടിടത്തിനുവേണ്ടി നാം ആത്മിക യുദ്ധത്തിൽ ഏർപ്പെടേണ്ടതാവശ്യമാണ്; സഭയുടെ കെട്ടുപണി ഒരു യുദ്ധ സേവനമാണ്—മത്താ. 16:18; സംഖ്യാ. 4:3; 26:2; നെഹെ. 4:14-23; 1 തിമൊ. 1:18; 6:12; 2 തിമൊ. 4:7.

| | |
|---|---|
| മത്താ. 16:18 | നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു. |
| സംഖ്യ. 4:3 | വേലചെയ്‌വാൻ സേവയിൽ പ്രവേശിക്കുന്ന എല്ലാവരെയും കുടുംബംകുടുംബമായും കുലംകുലമായും എണ്ണി തുക എടുപ്പിൻ. |
| സംഖ്യ. 26:2 യി | സ്രായേൽമക്കളുടെ സർവ്വസഭയെയും ഇരുപതു വയസ്സുമുതൽ മേലോട്ടു യുദ്ധത്തിന്നു പ്രാപ്തിയുള്ള എല്ലാവരെയും ഗോത്രംഗോത്രമായി എണ്ണി തുക എടുപ്പിൻ എന്നു കല്പിച്ചു. |
| നെഹെ. 4:14 | ഞാൻ നോക്കി എഴുന്നേറ്റുനിന്നു പ്രഭുക്കന്മാരോടും പ്രമാണികളോടും ശേഷംജനത്തോടും: നിങ്ങൾ അവരെ പേടിക്കേണ്ടാ; വലിയവനും ഭയങ്കരനുമായ കർത്താവിനെ ഓർത്തു നിങ്ങളുടെ സഹോദരന്മാർക്കും പുത്രന്മാർക്കും പുത്രിമാർക്കും ഭാര്യമാർക്കും വീടുകൾക്കും വേണ്ടി പൊരുതുവിൻ എന്നു പറഞ്ഞു. |
| നെഹെ. 4:15 | ഞങ്ങൾക്കു അറിവു കിട്ടിപ്പോയെന്നും ദൈവം അവരുടെ ആലോചനയെ നിഷ്ഫലമാക്കിയെന്നും ഞങ്ങളുടെ ശത്രുക്കൾ കേട്ടശേഷം ഞങ്ങൾ എല്ലാവരും മതിലിങ്കൽ താന്താന്റെ വേലെക്കു മടങ്ങിച്ചെല്ലുവാനിടയായി. |
| നെഹെ. 4:16 | അന്നുമുതല്ക്കു എന്റെ ഭൃത്യന്മാരിൽ പാതിപേർ വേലെക്കു നിന്നു പാതിപേർ കുന്തവും പരിചയും വില്ലും കവചവും ധരിച്ചു നിന്നു; മതിൽ പണിയുന്ന എല്ലാ യെഹൂദന്മാരുടെയും പുറകിൽ പ്രഭുക്കന്മാർ നിന്നു; |
| നെഹെ. 4:17 | ചുമടെടുക്കുന്ന ചുമട്ടുകാർ ഒരു കൈകൊണ്ടു വേല ചെയ്കയും മറ്റെ കൈകൊണ്ടു ആയുധം പിടിക്കയും ചെയ്തു. |
| നെഹെ. 4:18 | പണിയുന്നവർ അരെക്കു വാൾ കെട്ടിയുംകൊണ്ടു പണിതു. എന്നാൽ കാഹളം ഊതുന്നവൻ എന്റെ |

| | |
|---|---|
| | അടുക്കൽ തന്നേ ആയിരുന്നു. |
| നെഹെ. 4:19 | ഞാൻ പ്രഭുക്കന്മാരോടും പ്രമാണികളോടും ശേഷംജനത്തോടും: വേല വലിയതും വിശാലമായതും ആകുന്നു; നാം മതിലിന്മേൽ ചിതറി തമ്മിൽ തമ്മിൽ അകന്നിരിക്കുന്നു. |
| നെഹെ. 4:20 | നിങ്ങൾ കാഹളനാദം കേൾക്കുന്നേടത്തു ഞങ്ങളുടെ അടുക്കൽ കൂടിക്കൊൾവിൻ; നമ്മുടെ ദൈവം നമുക്കു വേണ്ടി യുദ്ധം ചെയ്യും എന്നു പറഞ്ഞു. |
| നെഹെ. 4:21 | അങ്ങനെ ഞങ്ങൾ പണിനടത്തി; പാതിപേർ നേരം വെളുക്കുമ്പോൾതുടങ്ങി നക്ഷത്രം പ്രകാശിക്കുന്നതുവരെ കുന്തം പിടിച്ചുനിന്നു. |
| നെഹെ. 4:22 | ആ കാലത്തു ഞാൻ ജനത്തോടു: രാത്രിയിൽ നമുക്കു കാവലിന്നും പകൽ വേല ചെയ്യുന്നതിന്നും ഉതകത്തക്കവണ്ണം ഓരോരുത്തൻ താന്താന്റെ വേലക്കാരനുമായി യെരൂശലേമിന്നകത്തു പാർക്കേണം എന്നു പറഞ്ഞു. |
| നെഹെ. 4:23 | ഞാനോ എന്റെ സഹോദരന്മാരോ എന്റെ ബാല്യക്കാരോ എന്റെ കീഴിലുള്ള കാവൽക്കാരോ ആരും ഉടുപ്പു മാറിയില്ല; കുളിക്കുന്ന സമയത്തുകൂടെയും ആയുധം ധരിച്ചിരുന്നു. |
| 1 തിമൊ. 1:18 | എന്റെ മകനായ തിമൊഥെയൊസേ, നിന്നെക്കുറിച്ച് മുമ്പ് നടത്തിയ പ്രവചനങ്ങൾക്കൊത്തവണ്ണം, ഞാൻ ഈ ആജ്ഞ നിന്നെ ഭരമേൽപ്പിക്കുന്നു, അവയാൽ നീ നല്ല യുദ്ധം പോരാടേണ്ടതിന്, |
| 1 തിമൊ. 6:12 | വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും അനേകം സാക്ഷികളുടെ മുമ്പാകെ നല്ല ഏറ്റുപറയൽ ലഭിക്കുകയും ചെയ്തുവല്ലോ. |
| 2 തിമൊ. 4:7 | ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു. |

G. ആത്മിക യുദ്ധത്തിന്റെ ഉദ്ദേശ്യം ദൈവരാജ്യത്തെ കൊണ്ടുവരിക എന്നതാണ്—വെളി. 12:10:

| | |
|---|---|
| വെളി. 12:10 | അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു. |

1. ദൈവരാജ്യവും സാത്താന്റെ രാജ്യവും തമ്മിലുള്ള യുദ്ധമാണ് ആത്മിക യുദ്ധം—മത്താ. 12:26, 28-29.

| | |
|---|---|
| മത്താ. 12:26 | സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ എങ്ങനെ അവന്റെ രാജ്യം നിൽക്കും? |
| മത്താ. 12:28 | എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ |

മത്താ. 12:29 — (continued) വന്നിരിക്കുന്നു.

മത്താ. 12:29 അല്ലെങ്കിൽ ബലവാനെ ആദ്യം ബന്ധിക്കാഞ്ഞാൽ ഒരുവനു ബലവാന്റെ ഭവനത്തിലേക്കു കയറി അവന്റെ ചരക്കുകൾ എങ്ങനെ കൊള്ളയടിക്കുവാൻ കഴിയും? അതിനുശേഷം അവന്റെ ഭവനത്തെ അവൻ തീർത്തും കൊള്ളയടിക്കും.

2. ദൈവരാജ്യം ദൈവഹിതം പ്രയോഗിക്കുന്നതും ദൈവത്തിന്റെ ശക്തിയാൽ സാത്താന്റെ ശക്തിയെ സ്ഥാനഭ്രംശം ചെയ്യുന്നതും ആണ്—6:10; 12:28.

മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

മത്താ. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

3. ദൈവരാജ്യത്തെ കൊണ്ടുവരിക എന്നതാണ് സഭയുടെ വേല, പ്രാർഥനയിലൂടെ സഭ ഭൂമിയുടെമേൽ ദൈവരാജ്യത്തിന്റെ ശക്തി വിടുവിക്കണം—16:18-19; 6:9-10, 13; 18:19; വെളി. 11:15.

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

മത്താ. 16:19 സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും.

മത്താ. 6:9 അതിനാൽ നിങ്ങൾ ഇപ്രകാരം പ്രാർഥിക്കുവിൻ: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ;

മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

മത്താ. 6:13 ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരാതെ, ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ; എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു. ആമേൻ.

മത്താ. 18:19 വീണ്ടും, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ ചോദിക്കുന്ന ഏതു കാര്യത്തെക്കുറിച്ചും സ്വരച്ചേർച്ചയിലാണെങ്കിൽ, സ്വർഗസ്ഥനായ എന്റെ പിതാവിൽനിന്ന് അത് അവർക്കു ചെയ്തിരിക്കും.

വെളി. 11:15 പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.

## III. തന്റെ വിവാഹദിവസത്തിൽ, വർഷങ്ങളായി ദൈവത്തിന്റെ ശത്രുവിനെതിരെ യുദ്ധം ചെയ്തുകൊണ്ടിരുന്നവരെ ക്രിസ്തു വിവാഹം കഴിക്കും; അതായത്, ദുഷ്ടനെ ജയിച്ചുകഴിഞ്ഞ ജയാളികളെ ക്രിസ്തു വിവാഹം കഴിക്കും—19:7-9, 11-16:

വെളി. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

വെളി. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

വെളി. 19:9 അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു.

വെളി. 19:11 പിന്നെ ഞാൻ സ്വർഗം തുറക്കപ്പെട്ടതു കണ്ടു, ഇതാ, ഒരു വെള്ളക്കുതിര, അതിന്മേൽ ഇരിക്കുന്നവനെ വിശ്വസ്തനും സത്യവാനും എന്നു വിളിക്കുന്നു, അവൻ നീതിയിൽ ന്യായം വിധിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു.

വെളി. 19:12 അവന്റെ കണ്ണുകൾ അഗ്നിജ്വാലയാകുന്നു, അവന്റെ തലയിൽ അനേകം മകുടങ്ങളും, അവനല്ലാതെ ആർക്കും അറിയാത്ത എഴുതപ്പെട്ടിരിക്കുന്ന ഒരു നാമവും അവനുണ്ട്.

വെളി. 19:13 അവൻ രക്തത്തിൽ മുക്കിയ വസ്ത്രം ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേർ വിളിക്കപ്പെടുന്നു.

വെളി. 19:14 സ്വർഗത്തിലെ സൈന്യം വെണ്മയും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്ത് അവനെ അനുഗമിച്ചു.

വെളി. 19:15 രാഷ്ട്രങ്ങളെ വെട്ടേണ്ടതിന് അവന്റെ വായിൽനിന്ന് മൂർച്ചയേറിയ വാൾ പുറപ്പെടുന്നു; അവൻ ഇരുമ്പുകോൽ കൊണ്ട് അവരെ മേയ്ക്കും; അവൻ സർവശക്തനായ ദൈവത്തിന്റെ ക്രോധവും കോപവുമായ വീഞ്ഞിന്റെ മുന്തിരിച്ചക്ക് മെതിക്കുന്നു.

വെളി. 19:16 അവന്റെ വസ്ത്രത്തിന്മേലും തുടമേലും, രാജാധിരാജാവും കർത്താധികർത്താവും എന്ന് എഴുതിയിരിക്കുന്ന നാമമുണ്ട്.

A. എതിർക്രിസ്തുവിനും അവന്റെ സൈന്യനും എതിരെ യുദ്ധം ചെയ്യുവാൻ ക്രിസ്തു വരുമ്പോൾ, അവൻ മനുഷ്യപുത്രനായി വരും; മനുഷ്യപുത്രനെന്ന നിലയിൽ, അവന് അവനോട് യോജിക്കുന്നതും അവനെ പൂർത്തിയാക്കുന്നതുമായ ഒരു നേരിണയെ ആവശ്യമായിരിക്കും; ഈ നേരിണയായിരിക്കും അവന്റെ മണവാട്ടി—14:14; 19:7-9.

വെളി. 14:14 പിന്നെ ഇതാ, വെളുത്ത ഒരു മേഘവും, മേഘത്തിന്മേൽ തലയിൽ പൊൻകിരീടവും കൈയിൽ മൂർച്ചയേറിയ അരിവാളുമുള്ള, മനുഷ്യപുത്രനു സദൃശനായ ഒരുവൻ ഇരിക്കുന്നതു ഞാൻ കണ്ടു.

വെളി. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

വെളി. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ

ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

വെളി. 19:9 — അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു.

B. ക്രിസ്തുവിന്റെ മണവാട്ടിയായി സംരചിക്കുന്ന ജയാളികൾ ദൈവത്തിന്റെ എല്ലാ ശത്രുക്കൾക്കുമെതിരെ യുദ്ധം ചെയ്യുകയും അവരെ പരാജയപ്പെടുത്തുകയും ചെയ്യുന്നു—2:7, 11, 17, 26; 3:5, 12, 21:

വെളി. 2:7 — ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും.

വെളി. 2:11 — ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഒരുവിധത്തിലും രണ്ടാം മരണത്താൽ ദോഷം വരുകയില്ല.

വെളി. 2:17 — ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും, ഞാൻ അവനു വെള്ളക്കല്ലും, കല്ലിന്മേൽ എഴുതിയിരിക്കുന്ന പുതിയ പേരും കൊടുക്കും, അത് ലഭിക്കുന്നവനല്ലാതെ ആരും അറിയുന്നില്ല.

വെളി. 2:26 — ജയിക്കുകയും എന്റെ പ്രവൃത്തികൾ അവസാനത്തോളം കാക്കുകയും ചെയ്യുന്നവന്, ഞാനും എന്റെ പിതാവിൽനിന്നു പ്രാപിച്ചതു പോലെ, ജാതികളുടെമേൽ ഞാൻ അവന് അധികാരം കൊടുക്കും;

വെളി. 3:5 — ജയിക്കുന്നവനെ അപ്രകാരം വെള്ളവസ്ത്രം ധരിപ്പിക്കും, അവന്റെ പേർ ജീവപുസ്തകത്തിൽ നിന്ന് ഒരുവിധത്തിലും ഞാൻ മായിച്ചുകളയുകയില്ല, എന്റെ പിതാവിന്റെ മുമ്പാകെയും അവന്റെ ദൂതന്മാരുടെ മുമ്പാകെയും ഞാൻ അവന്റെ പേർ ഏറ്റുപറയും.

വെളി. 3:12 — ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ തൂണാക്കും, അവൻ ഒരുവിധത്തിലും ഇനിമേൽ പുറത്തുപോകുകയില്ല, ഞാൻ അവന്റെമേൽ എന്റെ ദൈവത്തിന്റെ നാമവും, എന്റെ ദൈവത്തിന്റെ അരികിൽനിന്ന്, സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്ന, പുതിയ യെരൂശലേമെന്ന എന്റെ ദൈവത്തിന്റെ നഗരത്തിന്റെ നാമവും, എന്റെ പുതിയ നാമവും എഴുതും.

വെളി. 3:21 — ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ നൽകും, ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ.

1. ജയാളികൾ ജീവനും മരണവും തമ്മിലുള്ള യുദ്ധത്തിൽ ഏർപ്പെടുകയും മരണത്തിന്മേൽ ജീവനിൽ വാഴുകയും ചെയ്യുന്നു—മത്താ. 16:18;

യോഹ. 5:24; 1 തിമൊ. 6:19; 2 തിമൊ. 1:10; 1 യോഹ. 3:14; റോമ. 5:17, 21.

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

യോഹ. 5:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്, അവൻ ന്യായവിധിയിലേക്കു വരാതെ, മരണത്തിൽനിന്ന് ജീവനിലേക്കു കടന്നിരിക്കുന്നു.

1 തിമൊ. 6:19 അവർ വാസ്തവമായി ജീവനാകുന്നതിനെ മുറുകെപ്പിടിക്കേണ്ടതിന്, ഭാവിക്കു വേണ്ടി തങ്ങൾക്കുതന്നെ നല്ലൊരു അടിസ്ഥാനം നിക്ഷേപമായി മാറ്റിവയ്ക്കുന്നതിനും ആജ്ഞാപിക്കുക.

2 തിമൊ. 1:10 എന്നാൽ ഇപ്പോൾ നമ്മുടെ രക്ഷകനായ ക്രിസ്തു യേശുവിന്റെ പ്രത്യക്ഷതയിലൂടെ വെളിവായിരിക്കുന്നു, അവൻ മരണത്തെ ഇല്ലാതാക്കുകയും സുവിശേഷത്തിലൂടെ ജീവനെയും അദ്രവത്വത്തെയും വെളിച്ചത്തിലേക്ക് കൊണ്ടുവരുകയും ചെയ്തു,

1 യോഹ. 3:14 സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നാം മരണത്തിൽനിന്ന് ജീവനിലേക്കു കടന്നിരിക്കുന്നു എന്ന് നമുക്ക് അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു.

റോമ. 5:17 ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും.

റോമ. 5:21 എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ.

2. ജയാളികൾ വിനാശകരമായ അവ്യവസ്ഥ കീഴടക്കുകയും നിർമ്മാണാത്മകമായ ദിവ്യ വ്യവസ്ഥയിൽ വിജയം വരിക്കുകയും ചെയ്യുന്നു; ഇപ്പോഴത്തെ അവ്യവസ്ഥയിൽനിന്ന് വിടുവിക്കപ്പെടുന്നതിനുപകരം, സകലത്തിനും മതിയായ കൃപയായ പ്രക്രിയാവിധേയനും പരിണതി പ്രാപിച്ചവനുമായ ത്രിയേക ദൈവത്താൽ അവർ അവ്യവസ്ഥയെ കീഴടക്കുന്നു—2 തിമൊ. 1:9, 15; 2:1, 17-18; 4:22.

2 തിമൊ. 1:9 അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധ വിളിയാൽ വിളിക്കുകയും ചെയ്തത്, നമ്മുടെ പ്രവൃത്തികൾക്കൊത്തവണ്ണമല്ല തന്റെ സ്വന്തം ഉദ്ദേശ്യത്തിനും കൃപയ്ക്കും ഒത്തവണ്ണമത്രേ, അത് യുഗങ്ങളുടെ കാലങ്ങൾക്കു മുമ്പേ ക്രിസ്തു യേശുവിൽ നമുക്കു നൽകപ്പെട്ടിരുന്നു,

2 തിമൊ. 1:15 ആസ്യയിലുള്ള എല്ലാവരും എന്നിൽ നിന്ന്

| | |
|---|---|
| | തിരിഞ്ഞുമാറിയിരിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ, ഫുഗലൊസും ഹെർമ്മൊഗനേസും അവരിൽപ്പെടുന്നു. |
| 2 തിമൊ. 2:1 | അതുകൊണ്ട് എന്റെ മകനേ, നീ ക്രിസ്തു യേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക; |
| 2 തിമൊ. 2:17 | അവരുടെ വാക്ക് വിഷവ്രണം പോലെ പടരും, ഹുമനയൊസും ഫിലേത്തൊസും അവരിൽപ്പെടുന്നു, |
| 2 തിമൊ. 2:18 | അവർ സത്യത്തെ സംബന്ധിച്ച് ലക്ഷ്യം തെറ്റി, പുനരുത്ഥാനം കഴിഞ്ഞിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് ചിലരുടെ വിശ്വാസത്തെ മറിച്ചിടുന്നു. |
| 2 തിമൊ. 4:22 | കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ. |

## ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:

## സഭയുടെ ആത്മിക യുദ്ധം

തിരുവെഴുത്ത് വായന: എഫെ. 6:10-20; യെഹെ. 37:1-10

### സഭയുടെ ദിവ്യനിയോഗം

ഈ അധ്യായത്തിൽ സഭയുടെ ആത്മിക യുദ്ധത്തെ സംബന്ധിച്ച ചിലത് നാം കാണും. മനുഷ്യന്റെ സൃഷ്ടിപ്പ് രണ്ട് ഉദ്ദേശ്യങ്ങൾക്കു വേണ്ടിയായിരുന്നു. അനുലോമവശത്ത്, മനുഷ്യൻ ദൈവത്തെ ആവിഷ്കരിക്കണമെന്നതും, പ്രതിലോമവശത്ത്, അത് ദൈവത്തിന്റെ ശത്രുവിനോട് ഇടപെടണമെന്നതുമായിരുന്നു. ഇത് ദൈവത്തിന്റെ സ്വരൂപത്തെയും ദൈവത്തിന്റെ അധികാരത്തെയും പരാമർശിക്കുന്നു. പുതിയനിയമത്തിൽ, പ്രത്യേകിച്ച് സഭയുമായി ഏറ്റവും ബന്ധപ്പെട്ട പുസ്തകമായ എഫെസ്യലേഖനത്തിൽ, ദൈവത്തിന്റെ സ്വരൂപത്തെയും അധികാരത്തെയും, അതായത്, സംഘാതമായി ദൈവത്തെ ആവിഷ്കരിക്കുവാനും സംഘാതമായ രീതിയിൽ ദൈവത്തിന്റെ ശത്രുവിനെതിരെ യുദ്ധം ചെയ്യുവാനുമുള്ള മാർഗം, നമുക്ക് കാണുവാൻ കഴിയും. പുതിയനിയമത്തിലുള്ള മിക്കവാറും എല്ലാ ഉപദേശങ്ങളും ആത്മാവിലൂടെ ക്രിസ്തുവിൽ ദൈവത്തെ ആവിഷ്കരിക്കുന്നതിന് ദൈവത്തിന്റെ സ്വരൂപത്തിന്റെയും, ദൈവത്തിന്റെ ശത്രുവിനെതിരെ യുദ്ധം ചെയ്യുന്നതിനും ഇടപെടുന്നതിനും അധികാരത്തിന്റെയും മൂലകങ്ങളെക്കൊണ്ട് രചിക്കപ്പെട്ടിരിക്കുന്നു. ഇവയാണ് ദൈവത്തിന്റെ നിത്യ പദ്ധതിയുടെ രണ്ട് മുഖ്യമായ പ്രധാന ഘടകങ്ങൾ, പ്രത്യേകിച്ച് പുതിയനിയമത്തിൽ, ഇവയാണ് തിരുവെഴുത്തുകളുടെ മുഴുവൻ ഉപദേശത്തിന്റെയും രണ്ട് പ്രധാന ഇനങ്ങൾ.

എഫെസ്യലേഖനത്തിൽ, പ്രത്യേകിച്ച് 4:22-24-ൽ, ദൈവത്തിന്റെ സ്വരൂപം നമുക്ക് കാണുവാൻ കഴിയും; അത് പഴയ മനുഷ്യനെ ഉരിഞ്ഞുകളയുവാനും പുതുമനുഷ്യനെ, ക്രിസ്തുവിലുള്ള സംഘാത പുതിയ സൃഷ്ടിയെ, ധരിക്കുവാനും നമ്മോട് പറയുന്നു, അത് സ്രഷ്ടാവിന്റെ, അതായത് ദൈവത്തിന്റെ തന്നെ സ്വരൂപത്തിനൊത്തവണ്ണം സൃഷ്ടിക്കപ്പെട്ടതായിരുന്നു. പരിശുദ്ധാത്മാവിലൂടെ ക്രിസ്തുവിൽ ദൈവത്തെ ആവിഷ്കരിക്കുന്നതിനായി പുതിയ സൃഷ്ടിയായ സഭയ്ക്ക് ദൈവത്തിന്റെ സ്വരൂപമുണ്ട്. പിന്നീട് എഫെസ്യർ അവസാന അധ്യായത്തിൽ, അന്ധകാരരാജ്യത്തിലെ ദുഷ്ടശക്തികളോട് ഇടപെടുവാൻ,

അതായത് ദൈവത്തിന്റെ ശത്രുവിനോട് ഇടപെടുവാൻ, പോരാട്ടം, മൽപിടിത്തം, ആത്മിക യുദ്ധം ഉണ്ട്. നാം ജയശാലിയായ സഭയാണെങ്കിൽ, നാം യഥാർഥ സഭാജീവിതം തിരിച്ചറിയുന്നുവെങ്കിൽ, ദൈവത്തിന്റെ യഥാർഥ സ്വരൂപവും ദൈവത്തിന്റെ ശത്രുവിനോട് ഇടപെടുവാൻ ആത്മിക പോരാട്ടം നടത്തുവാൻ സ്വർഗീയ അധികാരവും നമുക്കുണ്ടായിരിക്കേണ്ടതിന് കർത്താവ് നമ്മിലൂടെ ആവിഷ്കരിക്കപ്പെടും.

സഭയുടെ ദിവ്യ നിയോഗത്തിന്റെ രണ്ടു വശങ്ങൾ ആത്മാവിലൂടെ ക്രിസ്തുവിൽ ദൈവത്തെ ആവിഷ്കരിക്കുകയും ദൈവത്തിന്റെ ശത്രുവിനോട് ഇടപെടുകയും ചെയ്യുക എന്നിവയാണ്. ഈ പുസ്തകത്തിലെ ദൂതുകളുടെ ഉദ്ദേശ്യം ചില സത്യങ്ങളോ, ഉപദേശങ്ങളോ, പഠിപ്പിക്കലുകളോ അറിയാൻ നമ്മെ സഹായിക്കുകയല്ല. മറിച്ച്, ക്രിസ്തുവിനെ ആവിഷ്കരിക്കുന്നതിനും ദൈവത്തിന്റെ ശത്രുവിനോട് ഇടപെടുന്നതിനും സഭയുടെ യഥാർഥ ജീവിതമായ ഒരു ക്രിസ്ത്യാനിയുടെ യഥാർഥ ജീവിതം, അതായത്, ശരീരത്തിന്റെ വിജയകരമായ സംഘാത ജീവിതം മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുക എന്നതാണ്. നാം ക്രിസ്തുവിനെ ആളുകളിലേക്ക് കൊണ്ടുവരുകയും, ക്രിസ്തുവിനെ പ്രദർശിപ്പിക്കുകയും, ക്രിസ്തുവിനെ മഹത്വപ്പെടുത്തുകയും, ദിവ്യസ്വരൂപത്തിൽ ക്രിസ്തുവിനെ ആവിഷ്കരിക്കുകയും വേണം. ഇത് അനുലോമ വശത്താണ്. നാം യുദ്ധം ചെയ്യുകയും, ശത്രുവിനോട് ഇടപെടുകയും, ബലവാനെ ബന്ധിക്കുകയും, അന്ധകാരശക്തികളെ പിന്തുടരുകയും വേണം. ഇത് പ്രതിലോമ വശത്താണ്. ഇതാണ് കർത്താവ് സഭയ്ക്ക് നിയോഗിച്ചിരിക്കുന്ന ദിവ്യ നിയോഗം. നാം എന്തിനുവേണ്ടിയാണ് ഇവിടെ ആയിരിക്കുന്നത്? അനുലോമ വശത്ത് ക്രിസ്തുവിന്റെ പ്രദർശനത്തിനും ആവിഷ്കാരത്തിനും വേണ്ടിയും, പ്രതിലോമ വശത്ത് ദൈവത്തിന്റെ ശത്രുവിനോട് ഇടപെടാനുള്ള ആത്മിക യുദ്ധത്തിന്റെ പോരാട്ടത്തിനു വേണ്ടിയുമാണ് നാം ഇവിടെ ആയിരിക്കുന്നത്.

ഈ വീക്ഷണകോണോടുകൂടെ നാം എഫെസ്യലേഖനം വീണ്ടും വായിക്കുന്നുവെങ്കിൽ, മുഴുവൻ പുസ്തകത്തെയും ഈ രണ്ട് വശങ്ങളാൽ സംഗ്രഹിക്കുവാൻ കഴിയുമെന്ന് നാം കാണും. ക്രിസ്തുവിനെ ആവിഷ്കരിക്കുവാനും പ്രദർശിപ്പിക്കുവാനും ദിവ്യ സ്വരൂപത്തിൽ ക്രിസ്തുവിനെ മഹത്വപ്പെടുത്താനുമുള്ള ക്രിസ്തുവിന്റെ ശരീരമാണ് സഭ; വരാനിരിക്കുന്ന രാജ്യം കൊണ്ടുവരാനും, ദൈവത്തിന്റെ ശത്രുവിനോട് ഇടപെടാനും, ഇരുട്ടിന്റെ ദുഷ്ടശക്തികളെ തുരത്തുവാനും സഭ പോരാടുന്നു.

## ആത്മിക യുദ്ധം ഒരു സംഘാത വിഷയമാണ്

ആത്മിക യുദ്ധത്തിന്റെ കാര്യത്തോട് ഇടപെടുന്ന പുതിയനിയമത്തിലെ ഏറ്റവും വ്യക്തമായ ഭാഗമാണ് എഫെസ്യർ 6:10-20. ആത്മിക യുദ്ധം ഒരു വ്യക്തിഗത കാര്യമല്ല. ചെറുപ്പമായിരുന്നപ്പോൾ നമ്മിൽ പലരും *പരദേശി മോക്ഷയാത്ര* എന്ന പുസ്തകത്തിൽനിന്നും സഹായം സ്വീകരിച്ചിട്ടുണ്ട്, എന്നാൽ ആ പുസ്തകത്തിന്റെ രചയിതാവായ ജോൺ ബനിയൻ ആത്മിക യുദ്ധത്തെ ഒരു വ്യക്തിഗത കാര്യമാക്കി. എഫെസ്യർ 6-ലെ യോദ്ധാവ് ഒരു വ്യക്തിഗത വിശ്വാസിയാണെന്ന് വിശ്വസിപ്പിക്കുവാൻ ഇത് ഇടയാക്കിയേക്കാം. ഒന്നാം അധ്യായത്തിലെ ശരീരവും, രണ്ടാം അധ്യായത്തിലെ പുതുമനുഷ്യനും, ദൈവത്തിന്റെ ഭവനവും, കെട്ടിടവും, മൂന്നാം അധ്യായത്തിലെ ക്രിസ്തുവിന്റെ മാർമികമായ സഭയും, നാലാം അധ്യായത്തിലെ ശരീരവും പുതുമനുഷ്യനും, അഞ്ചാം അധ്യായത്തിലെ കാന്തയായ

മണവാട്ടിയുമെല്ലാം സംഘാതമാണെന്നപോലെ വാസ്തവത്തിൽ, ഇവിടെ യോദ്ധാവ് ഒരു സംഘാത യോദ്ധാവാണ്. ഇവരെല്ലാം വ്യക്തിഗത വ്യക്തികളല്ല, മറിച്ച് സഭയെന്ന ഒരു സംഘാത വ്യക്തിയാണ്. സഭ ക്രിസ്തുവിന്റെ സംഘാത ശരീരവും, സംഘാത പുതുമനുഷ്യനും, സംഘാത കെട്ടിടവും, സംഘാത മർമവും, സംഘാത ഭാര്യയും, സംഘാത യോദ്ധാവും ആണ്. അതുകൊണ്ട്, ആത്മിക യുദ്ധം വ്യക്തിഗത വിശുദ്ധന്റെ ഒരു കാര്യമല്ല; അത് സഭയുടെ കാര്യമാണ്. നമുക്ക് സഭാജീവിതം ഇല്ലെങ്കിൽ, ആത്മിക യുദ്ധത്തിനുള്ള അടിത്തറ നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. നാം ശരീരജീവിതത്തിന്റെ യാഥാർഥ്യത്തിലല്ലെങ്കിൽ, യുദ്ധം ചെയ്യുവാൻ നമുക്ക് ഒരു അടിത്തറയുമില്ല; നമ്മെ പരാജയപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. സഭാജീവിതമില്ലെങ്കിൽ നാം പരാജയപ്പെട്ടവരാണ്, പരാജയപ്പെട്ട ഒരു വ്യക്തിക്ക് ശത്രുവിനോട് പോരാടുക അസാധ്യമാണ്.

ശത്രുവിനോട് പോരാടാനുള്ള നമ്മുടെ അടിത്തറയും നിൽപും സഭയാണ്; സഭ ക്രിസ്തുവിലും ആത്മാവിലും സ്വർഗീയങ്ങളിലും ആണ്. ഒരുവശത്ത്, ഒരാൾ രക്ഷിക്കപ്പെടുന്നിടത്തോളം, അവൻ ഒരു പരാജയപ്പെട്ട ക്രിസ്ത്യാനിയാണെങ്കിലും, അവൻ ക്രിസ്തുവിലാണ്. എങ്കിലും, അവൻ ശരീരജീവിതത്തിന്റെ യാഥാർഥ്യത്തിലല്ലെങ്കിൽ, പ്രായോഗികമായും അനുഭവമനുസരിച്ചും അവൻ ക്രിസ്തുവിലല്ല. അതിനാൽ, ആത്മിക യുദ്ധം ചെയ്യുവാൻ, നാം സഭാജീവിതം തിരിച്ചറിയണം.

നമുക്ക് ഇങ്ങനെ പ്രഖ്യാപിച്ചേക്കാം: "നാം ഭൂമിയിലല്ല; നാം സ്വർഗീയങ്ങളിലാണ്!" നാം അൽപ്പം ഭൗകികരാണെങ്കിൽപോലും നാം പരാജയപ്പെട്ടവരാണ്. നമ്മുടെ സ്വർഗീയ അടിത്തറയും നിൽപും നാം നിലനിർത്തേണ്ടതുണ്ട്, എന്നാൽ സ്വർഗീയ അടിത്തറ സംഘാതമായി ശരീരത്തിനുവേണ്ടിയാണെന്ന്, വെവ്വേറെ അവയവങ്ങൾക്കുവേണ്ടിയല്ലെന്ന് നാം തിരിച്ചറിയണം.

ഇന്ന് സൈന്യത്തിൽ ഒരു പടയാളി ഒറ്റയ്ക്ക് പോരാടുന്നത് ഭോഷത്തമാണ്. യുദ്ധം ചെയ്യുന്നതിന്, നാം ഒരു സൈന്യം രൂപീകരിക്കണം. സൈന്യത്തിന്റെ രൂപീകരണം ഇല്ലെങ്കിൽ, യുദ്ധം ചെയ്യുവാൻ ഒരു സാധ്യതയുമില്ല. യെഹെസ്കേൽ 37-ൽ, മരിച്ച അസ്ഥികൾ ഉണർത്തപ്പെടുകയും ജീവിപ്പിക്കപ്പെടുകയും ചെയ്തപ്പോൾ, അവ ഒരുമിച്ചുചേർന്നു. അവ മരിച്ചതായിരുന്നപ്പോൾ, അവ പൂർണ്ണമായും ചിതറിക്കിടക്കുകയും മരിച്ചതുമായിരുന്നു, എന്നാൽ അവ ജീവിപ്പിക്കപ്പെട്ടപ്പോൾ, അവ ജീവനുള്ള ഒരു ശരീരമായി ഒന്നിച്ചുചേർന്ന അവയവങ്ങളായിത്തീർന്നു. അധ്യായത്തിന്റെ സന്ദർഭമനുസരിച്ച്, ഈ ജീവനുള്ള ശരീരം യഹോവയുടെ ഭവനവും, കെട്ടിടവും, ദൈവത്തിന്റെ വാസസ്ഥലവും, അത് സൈന്യവും ആണ്. ഈ ശരീരം കെട്ടിടവും സൈന്യവുമാണ്. ഇത് ശരീരജീവിതത്തിന്റെ ഒരു നല്ല ചിത്രമാണ്. വേർപെട്ടതും ചിതറിക്കിടക്കുന്നതുമായ അസ്ഥികൾക്ക് യുദ്ധം ചെയ്യുവാൻ കഴിയുമോ? ഇത് പരിഹാസ്യമാണ്. നാം എത്ര ശക്തരാണെന്ന് തോന്നിയാലും, യുദ്ധം ചെയ്യുവാൻ നമ്മിൽത്തന്നെ നാം പര്യാപ്തരല്ലെന്ന് നാം മനസ്സിലാക്കണം. യുദ്ധം ചെയ്യുന്നത് ശരീരത്തിന്റെ ഒരു വിഷയമാണ്. നാം ഒരുമിച്ച് പണിയപ്പെടണം. നാം ജീവനുള്ള ശരീരവും, ജീവനുള്ള കെട്ടിടവും, ദൈവത്തിന്റെ ജീവനുള്ള ഭവനവുമായി ഒരുമയിലും സ്വരച്ചേർച്ചയിലും ആയിരിക്കണം. അപ്പോൾ നമുക്ക് സൈന്യമായിരിക്കുവാൻ കഴിയും.

എഫെസ്യർ ഒന്നാം അധ്യായം മുതൽ ആറാം അധ്യായം വരെ നാം വായിക്കുന്നുവെങ്കിൽ, യുദ്ധം ക്രിസ്തുവിന്റെ ശരീരത്തിന്റെ ഒരു

വിഷയമാണെന്നും, ശരീരം ക്രിസ്തുവിലും ആത്മാവിലും സ്വർഗീയങ്ങളിലുമുള്ള ഒരു പുതിയ സൃഷ്ടിയാണെന്നും നാം കാണും. ആദ്യം, നമുക്ക് ശരീരജീവിതം ഉണ്ടായിരിക്കണം, തുടർന്ന് നമുക്ക് ആത്മിക യുദ്ധം നടത്തുവാൻ കഴിയും. നമുക്ക് ശരീരജീവിതമില്ലെങ്കിൽ, യുദ്ധം ചെയ്യുവാൻ നാം പര്യാപ്തരല്ല. യുദ്ധം ചെയ്യുവാൻ, നാം ശരീരജീവിതത്തിന്റെ യാഥാർഥ്യത്തിലായിരിക്കണം. അമേരിക്കയ്ക്കുവേണ്ടി യുദ്ധം ചെയ്യുവാൻ, ഒരുവൻ അമേരിക്കൻ സായുധ സേനയിലായിരിക്കണം. അവന് ഒറ്റയ്ക്ക് യുദ്ധക്കളത്തിലേക്ക് പോകുവാൻ കഴിയുകയില്ല. ഇങ്ങനെ ചെയ്യുവാൻ ആരും അത്ര വിഡ്ഢികളാകില്ല. അവൻ ആദ്യം സൈന്യത്തിൽ ചേരുകയും, പരിശീലനം നേടുകയും, പണിയപ്പെടുകയും, സൈന്യത്തോടൊപ്പം രൂപപ്പെടുകയും വേണം. ക്രിസ്തുവിന്റെ ശരീരത്തെ സംബന്ധിച്ചും ഇങ്ങനെ തന്നെയാണ്. എന്തുകൊണ്ടാണ് ആത്മിക യുദ്ധം എഫെസ്യലേഖനത്തിൽ ഒന്നാമത്തെയോ രണ്ടാമത്തെയോ അഞ്ചാമത്തെയോപോലും അധ്യായത്തിലല്ല, മറിച്ച് അവസാന അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? അതിനുള്ള കാരണം യുദ്ധം ക്രിസ്തുവിലും ആത്മാവിലും സ്വർഗീയങ്ങളിലുമുള്ള ശരീരത്തിന്റെ ഒന്നായതുകൊണ്ടാണ്.

## ആത്മികയുദ്ധം ദുഷ്ടാത്മശക്തികൾക്കെതിരെയാകുന്നു

ആത്മികയുദ്ധം മനുഷ്യർക്കെതിരെയുള്ള, അതായത്, ജഡരക്തങ്ങൾക്കെതിരെയുള്ള, ഒരു പോരാട്ടമല്ല എന്ന് നാം മനസ്സിലാക്കണം. മറിച്ച്, നാം ആത്മികശക്തികളോടാണ്, ദുഷ്ടാത്മാക്കളോടാണ് പോരാടുന്നത്. ഇത് ചെറിയൊരു കാര്യമല്ല. 1928-ൽ സഹോദരൻ വാച്ച്മാൻ നീ ഒരു സമ്മേളനം നടത്തിയതെങ്ങനെയെന്ന് ഞാൻ നന്നായി ഓർക്കുന്നു, അതിൽ ആത്മിക യുദ്ധത്തെക്കുറിച്ച് വളരെ പ്രായോഗികവും വിശദവുമായ ഒരു രീതിയിൽ അദ്ദേഹം സംസാരിച്ചു. ഇതിനായി ശത്രു അദ്ദേഹത്തെ വളരെയധികം ആക്രമിച്ചു. കുറെ ദിവസങ്ങൾക്കുശേഷം അദ്ദേഹം എന്നോടു പറഞ്ഞു: "സഹോദരാ, നാം ആത്മിക യുദ്ധത്തെക്കുറിച്ച് സംസാരിക്കുവാൻ പോകുകയും പ്രായോഗികമായ രീതിയിൽ അതിനോട് ഇടപെടുകയും ചെയ്യണമെങ്കിൽ, രാവും പകലും നമുക്കുവേണ്ടി പ്രാർഥിക്കുവാൻ കുറഞ്ഞത് മുപ്പത് സഹോദരീസഹോദരന്മാരെങ്കിലും നമുക്കാവശ്യമാണ്. അല്ലെങ്കിൽ, അനേകം ആക്രമണങ്ങൾ ഉണ്ടാകും." അതുകൊണ്ട്, കർത്താവ് നമ്മെ തന്റെ രക്തത്താൽ മൂടട്ടെ! ദുഷ്ടാത്മശക്തികൾ വെറുമൊരു ഉപദേശമോ ഒരു പദപ്രയോഗമോ അല്ല. പ്രപഞ്ചത്തിൽ ഇങ്ങനെയുള്ള ഒരു ദുഷ്ടശക്തിയുണ്ട്, അത് ദുഷ്ടാത്മാക്കളായ ഇരുട്ടിന്റെ രാജ്യമാണ്. ദൈവോദ്ദേശ്യത്തിന്റെ നിറവേറലിനെ തടസ്സപ്പെടുത്തുന്നതിനായി ദൈവരാജ്യത്തെ നശിപ്പിക്കുവാൻ ദുഷ്ടാത്മാക്കൾ എത്രമാത്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന് ഇന്നും നാം തിരിച്ചറിയുന്നുണ്ടാവില്ല. ഇതൊരു യഥാർഥ പോരാട്ടമാണ്. അതുകൊണ്ട്, നാം പോരാടുന്നത് ജഡരക്തങ്ങളോടല്ല. നാം ദുഷ്ടാത്മാക്കളോട് പോരാടുന്നു. നമ്മുടെ ശത്രു ആളുകളല്ല; നമ്മുടെ ശത്രു ഇരുട്ടിന്റെ ശക്തികളാണ്.

കഴിഞ്ഞ വർഷങ്ങളിലും ഇന്നുവരെയും ശത്രു എത്ര കിംവദന്തികൾ നിരന്തരം പ്രചരിപ്പിച്ചിട്ടുണ്ടെന്ന് പറയുവാൻ പ്രയാസമാണ്. 2 കൊരിന്ത്യർ 6:8-ൽ അപ്പൊസ്തലനായ പൗലൊസ് "ദുഷ്കീർത്തിയെയും സൽകീർത്തിയെയും" കുറിച്ച് സംസാരിക്കുന്നു. അപ്പൊസ്തലൻപോലും ധാരാളം ദുർവാർത്തകൾ സഹിച്ചു. ദുർവാർത്തകൾ വെറും കിംവദന്തികളാണ്. വിശദമായി സംസാരിക്കുവാനുള്ള സമയമോ ഹൃദയമോ എനിക്കില്ല, എന്നാൽ നമുക്കെതിരെ നിരന്തരം കിംവദന്തികൾ

ഉണ്ടായിട്ടുണ്ടെന്നത് ഒരു വസ്തുതയാണ്. ഒരുവൻ നേതൃനിരയിലെത്തുമ്പോഴെല്ലാം, അവൻ ഒരു പരിധിവരെ ആക്രമണത്തിന് വിധേയനാകുകയും, ശത്രുവിന്റെ ആക്രമണം അവന്റെമേൽ ഉണ്ടായിരിക്കുകയും ചെയ്യുന്നു. ഞങ്ങൾ ചൈനാ വൻകരയിലായിരുന്നപ്പോൾ സഹോദരൻ നീ നേതൃത്വമെടുത്തിരുന്നതുകൊണ്ട് വളരെയധികം ആക്രമണത്തിന് ഇരയായിട്ടുണ്ട്. ഞാൻ അദ്ദേഹത്തോട് വളരെ അടുത്തായിരുന്നതിനാൽ, മിക്കവാറും എല്ലാ ദിവസവും ഞാൻ പലതും കണ്ടു. 1934-ൽ തന്നെ ഈ പോരാട്ടത്തിലേക്ക് ഞാൻ കൊണ്ടുവരപ്പെട്ടു, കാരണം ആ സമയം മുതൽ ഈ യുദ്ധത്തോട് ഇടപെടാനുള്ള ഉത്തരവാദിത്വം ഞാൻ പങ്കിടുവാൻ തുടങ്ങി. ശത്രുവിന്റെ സൂത്രങ്ങളും, തന്ത്രങ്ങളും, ഉപായ വഴികളും, നമ്മുടെ സഹോദരൻ എങ്ങനെ ഇത്രയധികം ആക്രമിക്കപ്പെട്ടുവെന്നും ഞാൻ കണ്ടു. ഏറ്റവും ഗുരുതരമായ ആക്രമണങ്ങൾ കിംവദന്തികളായിരുന്നു.

ഈ പ്രപഞ്ചത്തിൽ ഇരുട്ടിന്റെ ദുഷ്ടശക്തികളായ ദുഷ്ടാത്മാക്കൾ, കർത്താവിന്റെ രാജ്യത്തിന്റെയും അവന്റെ സാക്ഷ്യത്തിന്റെയും താല്പര്യങ്ങൾക്കെതിരെ പോരാടുകയും, അവയെ വിഘ്നപ്പെടുത്തുകയും, നശിപ്പിക്കുകയും ചെയ്യുന്നു എന്ന ഒരു യാഥാർഥ്യമുണ്ട്. നാം എന്തുചെയ്യണം? കിംവദന്തികൾ പ്രചരിപ്പിക്കുവാൻ ശത്രു ഉപയോഗിച്ചവരെ നമ്മുടെ ശത്രുവായി നാം കണക്കാക്കണമോ? നാം അങ്ങനെ ചെയ്യുന്നുവെങ്കിൽ, നാം തെറ്റുകാരാണ്. യഥാർഥ ശത്രു ജനമല്ല. യഥാർഥ ശത്രു ജനത്തിനു പിന്നിലുള്ള ദുഷ്ടശക്തികളാണ്. ജനം ശത്രു ഉപയോഗിക്കുന്ന വെറും കളിപ്പാവകൾ മാത്രമാണ്. നാം ജനത്തോട് പോരാടരുത്; നാം അവർക്കു പിന്നിലുള്ള ദുഷ്ടശക്തികളോട് പോരാടണം. ദുഷ്ടശക്തികളോട് പോരാടാനുള്ള മാർഗം ജഡത്താലല്ല, മറിച്ച് ആത്മാവിനാലും, ആത്മാവിലും, പ്രാർഥനയാലും ആണ്. ചില ആളുകളുടെ പിന്നിൽ പ്രവർത്തിക്കുകയും, പോരാടുകയും ചെയ്യുന്ന ശത്രുവിനോട് ഇടപെടുവാൻ നമുക്ക് കഴിയുന്ന ഏക മാർഗം പ്രാർഥിക്കുകയാണ്, പരമോന്നത അധികാരിയായി സ്വർഗത്തിലെ സിംഹാസനത്തോട് അപേക്ഷിക്കുകയാണ്. അതുകൊണ്ട്, യഥാർഥവും പ്രബലവുമായ സംഘാത പ്രാർഥനയുടെ ആവശ്യമുണ്ട്. ആളുകളോട് ഇടപെടാനല്ല, മറിച്ച് പ്രാർഥിക്കുവാൻ സഭ കൂടിവരേണ്ടതുണ്ട്. ഒരു കിംവദന്തി ഉള്ളപ്പോഴെല്ലാം, നാം അതിനോട് നേരിട്ട് ഇടപെടരുതെന്ന പാഠം ഞാൻ പഠിച്ചിട്ടുണ്ട്. സഭയെക്കുറിച്ച് ഒരു കിംവദന്തി ഉണ്ടാകുമ്പോൾ, നാം ആളുകളോട് സംസാരിക്കുകയോ അവർക്ക് കാര്യങ്ങൾ വിശദീകരിക്കുകയോ ചെയ്യരുത്. നാം എത്രയധികം വിശദീകരിക്കുന്നുവോ അത്രയധികം കിംവദന്തികൾ പുറത്തുവരും. നാം കർത്താവിന്റെ അടുക്കലേക്ക് പോകുകയും പരമോന്നത അധികാരിയോട് അപേക്ഷിക്കുകയും വേണം. സിംഹാസനത്തിലൂടെ ജഡരക്തങ്ങൾക്കു പിന്നിലുള്ള ദുഷ്ടശക്തികളോട് നാം ഇടപെടുന്നു. നാം ഇത് പഠിക്കുകയും ഇത് അനുഷ്ഠിക്കുകയും വേണം. (*The Collected Works of Witness Lee, 1963,* vol. 3, “Basic Principles for the Practice of the Church Life,” pp. 331-335)